# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **2283** | 05.02.2018 - ൽ മറുപടിയ്ക്ക് |
|---|---|

## ജി.എസ്.ടി സംസ്ഥാന സാമ്പത്തിക സ്ഥിതിയിൽ വരുത്തിയ മാറ്റം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.മഞ്ഞളാംകുഴി അലി<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ് | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |
| (എ) | ജി.എസ്.ടി നടപ്പിലാക്കിയതിനുശേഷം സംസ്ഥാന സാമ്പത്തികസ്ഥിതിയിൽ ഉണ്ടായിട്ടുള്ള മാറ്റം എന്തെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് ജി.എസ്.ടി നടപ്പിലാക്കിയപ്പോൾ പ്രതീക്ഷിച്ച രീതിയിലുള്ള നികുതി പിരിവ് വർദ്ധന ഉണ്ടായിട്ടില്ല. ജി.എസ്.ടി സോഫ്റ്റ് വെയർ പൂർണ്ണമായി പ്രവർത്തനക്ഷമമാകാത്തതിനാൽ നിയമത്തിൽ അനുശാസിച്ചിട്ടുള്ളതുപോലെയുള്ള പൂർണ്ണമായ റിട്ടേൺ ഫയൽ ചെയ്യുന്നതിനുണ്ടായിട്ടുള്ള കാലതാമസം പ്രധാനമായും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന്റെ നികുതിപിരിവിനെ സാരമായി ബാധിച്ചിട്ടുണ്ട്. ജി.എസ്.ടി നടപ്പിലായതിനെത്തുടർന്ന് സംസ്ഥാനങ്ങൾക്ക് അടുത്ത 5 വർഷങ്ങളിലുണ്ടായേക്കാവുന്ന നികുതി നഷ്ടം പരിഹരിക്കുന്നതിനായി വ്യക്തമായ നിബന്ധനകളുടെ അടിസ്ഥാനത്തിൽ ജി.എസ്.ടി കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസാക്കിയിട്ടുണ്ട്. ഇതുപ്രകാരം 2015-16 ലെ കളക്ഷന്റെ 14% വാർഷിക വർദ്ധനവ് കണക്കിൽ 2017-18 -ൽ കേരളത്തിന്റെ ദ്വൈമാസ അർഹതപ്പെട്ട തുകയായി നിശ്ചയിച്ചിരിക്കുന്നത് 3644 |

| | | | |
|---|---|---|---|
| | | | കോടി രൂപയാണ്. ദ്വൈമാസ ജി.എസ്.ടി പിരിവ് 3644 കോടി ലഭിച്ചില്ലെങ്കിൽ ബാക്കി തുകയാണ് നഷ്ടപരിഹാരം ആയി ലഭിക്കുന്നത്. ദ്വൈമാസക്കണക്കിൽ നഷ്ടപരിഹാരത്തി ന്റെ ആദ്യ രണ്ടു ഗഡുക്കളായി ജൂലൈ - ആഗസ്റ്റ് മാസങ്ങളിലേയ്ക്ക് 810 കോടി രൂപയും സെപ്റ്റംബർ - ഒക്ടോബർ മാസങ്ങളിലേയ്ക്ക് 395 കോടി രൂപയും സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ കേവലമായി നികുതിനഷ്ടം ഉണ്ടായതായി കരുതാനാവില്ല. എന്നാൽ കഴിഞ്ഞ ബഡ്ജറ്റിൽ വിഭാവനം ചെയ്ത രീതിയിൽ 25% നികുതി വർദ്ധന സംസ്ഥാനത്തിന് കൈവരിക്കാൻ സാധിച്ചിട്ടില്ല. |
| (ബി) | ജി.എസ്.ടി നടപ്പിലാക്കിയതിന് ശേഷം സാമ്പത്തിക സ്ഥിതിയിൽ ഉണ്ടായിട്ടുള്ള അനുകൂല സാഹചര്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ; | (ബി) | 2017 ജൂലൈ 1 മുതലാണ് സംസ്ഥാനത്ത് ജി.എസ്.ടി നടപ്പിലാക്കിയത്. GST നടപ്പിലാക്കിയതോടെ ചരക്കുകളുടേയും സേവനങ്ങളുടേയും കൈമാറ്റങ്ങളിൽ ഒരേ സമയം നികുതി ചുമത്താൻ കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും അധികാരം ലഭിച്ചു. GST ഒരു പ്രാപ്യസ്ഥാന നികുതിയാണ്. കേരളം പ്രധാനമായും ഒരു ഉപഭോക്തൃ സംസ്ഥാനമാകയാൽ പ്രാപ്യസ്ഥാന തത്ത്വം വരുംകാലങ്ങളിൽ കേരളത്തിന്റെ നികുതി പിരിവിന് ഗുണപ്രദമാകും എന്നാണ് പ്രതീക്ഷിക്കുന്നത്. കൂടാതെ telecommunication, finance, insurance എന്നീ സേവന മേഖലകളിൽ നിന്നും കേരളം ഗണ്യമായ നികുതി പിരിവ് പ്രതീക്ഷിക്കുന്നു. ജി.എസ്.ടി യിലൂടെ നികുതിയ്ക്കു മേൽ നികുതി ഒഴിവാക്കി. അന്തർ സംസ്ഥാന വാങ്ങലിനു ഇൻപുട്ട് ടാക്സ് ലഭ്യമാക്കുന്ന ചരക്കു സേവന നികുതി പൊതുവെ എല്ലാ വ്യാപാരികൾക്കും ഉപകാരപ്രദമാണ്. ശരിയായ രീതിയിൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ഉപഭോക്താക്കൾക്ക് ലഭ്യമാക്കിയാൽ ഉല്പന്നങ്ങൾക്ക് പൊതുവെ വിലക്കുറവുണ്ടാകേണ്ടതാണ്. |

| | | | |
|---|---|---|---|
| (സി) | ജി.എസ്.ടി നടപ്പിലാക്കിയതു മുതൽ അടുത്ത മൂന്ന് വർഷംവരെയുള്ള കാലയളവിൽ സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതിയിൽ പ്രതീക്ഷിക്കുന്ന വളർച്ചാനിരക്ക് എത്രയാണെന്ന് അറിയിക്കാമോ? | (സി) | ഇക്കാലയളവിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയിൽ പ്രതീക്ഷിക്കുന്ന വളർച്ചാനിരക്ക് കണക്കാക്കിയിട്ടില്ല. എന്നാൽ നികുതി വരുമാനം വർദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ